"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ് - ശബരിമല ഗ്രീൻഫീൽഡ് എയർപോർട്ടിന് വേണ്ടി സ്ഥലമേറ്റെടുപ്പ് നടത്തുന്ന സ്പെഷ്യൽ ഓഫീസിലെ ജീവനക്കാരുടെ ശമ്പളവും മറ്റു ആനുകൂല്യങ്ങളും മാറി നൽകുന്നതിനായി സ്പെഷ്യൽ തഹസിൽദാറെ (എൽ.എ) 2053-00-094-26 എന്ന ശീർഷകത്തിൽ ഡ്രായിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസറായി നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യ (സ്ക്രീംലൈനിംഗ്) വകുപ്പ്

സ.ഉ.(സാധാ) നം.8617/2026/FIN തീയതി,തിരുവനന്തപുരം, 10-11-2026

പരാമർശം:- സ്പെഷ്യൽ തഹസിൽദാർ (എൽ.എ) ഗ്രീൻഫീൽഡ് എയർപോർട്ട് ശബരിമലയുടെ 04.11.2026 ലെ 01/2026 /A1 നമ്പർ കത്ത്

ഉത്തരവ്

ശബരിമല ഗ്രീൻഫീൽഡ് എയർപോർട്ടിന് വേണ്ടി സ്ഥലമേറ്റെടുപ്പ് നടത്തുന്ന സ്പെഷ്യൽ ഓഫീസിലെ ജീവനക്കാരുടെ ശമ്പളവും മറ്റു ആനുകൂല്യങ്ങളും മാറി നൽകുന്നതിനായി സ്പെഷ്യൽ തഹസിൽദാറെ (എൽ.എ) 2053-00-094-26 എന്ന ശീർഷകത്തിൽ ഡ്രായിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസറായി നിയമിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശ കത്ത് പ്രകാരം സ്പെഷ്യൽ തഹസിൽദാർ (എൽ.എ) ഗ്രീൻഫീൽഡ് എയർപോർട്ട് ശബരിമല അഭ്യർത്ഥിച്ചിരിക്കുന്നു.

2 . സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ശബരിമല ഗ്രീൻഫീൽഡ് എയർപോർട്ടിന് വേണ്ടി സ്ഥലമേറ്റെടുപ്പ് നടത്തുന്ന സ്പെഷ്യൽ ഓഫീസിലെ ജീവനക്കാരുടെ ശമ്പളവും മറ്റു ആനുകൂല്യങ്ങളും മാറി

നൽകുന്നതിനായി സ്പെഷ്യൽ തഹസിൽദാറെ (എൽ.എ) 2053-00-094-26 എന്ന ശീർഷകത്തിൽ ഡ്രായിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസറായി നിയമിക്കുന്നതിനും ട്രഷറി ഇടപാടുകൾ പൊൻകുന്നം സബ് ട്രഷറി വഴി നടത്തുന്നതിനുള്ള അനുമതിയും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുരേഷ് കുമാർ ഒ ബി
അഡിഷണൽ സെക്രട്ടറി

പകർപ്പ്:-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ)കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

സ്പെഷ്യൽ തഹസിൽദാർ(എൽ.എ), ഗ്രീൻഫീൽഡ് എയർപോർട്ട് ശബരിമല,കാഞ്ഞിരപ്പള്ളി

റവന്യു (എഫ്) വകുപ്പ് UO(F)No. REV-F2/214/2026-REV കമ്പ്യൂട്ടർ നമ്പർ 3571478)

ധനകാര്യ (വ്യയം -ഡി) വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി {3676875 }

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ